## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3383** **26-06-2024 - ൽ മറുപടിയ്ക്ക്**

## ഇംഗ്ലീഷ് അധ്യാപക തസ്തികകളിലെ നിയമനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ചാണ്ടി ഉമ്മൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഹൈസ്കൂളുകളിൽ ഇംഗ്ലീഷ് വിഷയം പഠിപ്പിക്കുന്നതിന് ഇംഗ്ലീഷ് ബിരുദധാരികളെ പരിഗണിക്കുന്നുണ്ടോയെന്ന് വിശദമാക്കുമോ; | (എ) | ഉണ്ട്. കേരള വിദ്യാഭ്യാസ അധ്യായം XXXIചട്ടം 2 (2), (b) X പ്രകാരം ഹൈസ്കൂളിൽ ഇംഗ്ലീഷ് വിഷയം പഠിപ്പിക്കുന്നതിന് ഇംഗ്ലീഷ് ബിരുദധാരികളെ പരിഗണിക്കുന്നുണ്ട് . |
| (ബി) | ഇംഗ്ലീഷ് വിഷയം പഠിപ്പിക്കുന്നതിന് ഇംഗ്ലീഷ് ബിരുദധാരികളെ പരിഗണിച്ച് നിയമനം നടത്തണമെന്ന രീതിയിൽ കോടതി വിധി ലഭ്യമായിട്ടുണ്ടോ; എങ്കിൽ ഇതിനെത്തുടർന്നു സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ; | (ബി) | ബഹു. കേരള ഹൈക്കോടതി റിട്ട് പെറ്റീഷൻ നം. 23159/2018 മേൽ 10/08/2021 ന പുറപ്പെടുവിച്ച വിധിന്യായപ്രകാരം സംസ്ഥാനത്തെ സർക്കാർ എയ്ഡഡ് ഹൈസ്കൂളുകളിൽ, മറ്റ് ഭാഷാ വിഷയങ്ങൾക്ക് അനുവദിക്കുന്നതുപോലെ ഇംഗ്ലീഷ് വിഷയത്തിനും ലഭ്യമായ പീരീഡുകളുടെ അടിസ്ഥാനത്തിൽ തസ്തികകൾ അനുവദിക്കേണ്ടതാണ്. ബഹു. കോടതിയുടെ വിധിന്യായം വകുപ്പുകളുടെ ഏകീകരണ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് പൂർണ്ണമായും നടപ്പിലാക്കുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. വിധി നടപ്പാക്കുന്നതിന്റെ ഭാഗമായി ആദ്യ ഘട്ടമെന്ന നിലയിൽ 3, 4 ഡിവിഷനുകളുള്ള സർക്കാർ/ എയ്ഡഡ് ഹൈസ്കൂളുകളിൽ 639 താൽക്കാലിക എച്ച്.എസ്.എ (ഇംഗ്ലീഷ്) തസ്തികകൾ സൃഷ്ടിച്ച് ദിവസവേതന / കരാർ അടിസ്ഥാനത്തിൽ നിയമനം നൽകുവാനാണ് നിലവിൽ 29/11/2023 ലെ സ.ഉ (കൈ) നം. 182/2023/പൊ.വി.വ ഉത്തരവ് പ്രകാരം സർക്കാർ ഉത്തരവായിട്ടുള്ളത്. |
| (സി) | ഹൈസ്കൂളുകളിൽ ഇംഗ്ലീഷ് അധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതുമായി ബന്ധപ്പെട്ട് ലഭിച്ച കോടതി നിർദ്ദേശം എന്തെന്നും ആയതിന്മേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്നും വിശദമാക്കുമോ? | (സി) | ബഹു. കേരള ഹൈക്കോടതി റിട്ട് പെറ്റീഷൻ നം. 23159/2018 മേൽ 10/08/2021 ന പുറപ്പെടുവിച്ച വിധിന്യായപ്രകാരം സംസ്ഥാനത്തെ സർക്കാർ എയ്ഡഡ് ഹൈസ്കൂളുകളിൽ, മറ്റ് ഭാഷാ വിഷയങ്ങൾക്ക് അനുവദിക്കുന്നതുപോലെ ഇംഗ്ലീഷ് വിഷയത്തിനും ലഭ്യമായ പീരീഡുകളുടെ അടിസ്ഥാനത്തിൽ തസ്തികകൾ അനുവദിക്കേണ്ടതാണ്. ബഹു. കോടതിയുടെ വിധിന്യായം വകുപ്പുകളുടെ ഏകീകരണ നടപടികൾ |

| | | | |
|---|---|---|---|
| | | | പൂർത്തിയാകുന്ന മുറയ്ക്ക് പൂർണ്ണമായും നടപ്പിലാക്കുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. വിധി നടപ്പാക്കുന്നതിന്റെ ഭാഗമായി ആദ്യ ഘട്ടമെന്ന നിലയിൽ 3, 4 ഡിവിഷനുകളുള്ള സർക്കാർ/ എയ്ഡഡ് ഹൈസ്കൂളുകളിൽ 639 താൽക്കാലിക എച്ച്.എസ്.എ (ഇംഗ്ലീഷ്) തസ്തികകൾ സൃഷ്ടിച്ച് ദിവസവേതന / കരാർ അടിസ്ഥാനത്തിൽ നിയമനം നൽകുവാനാണ് നിലവിൽ 29/11/2023 ലെ സ.ഉ (കൈ) നം. 182/2023/പൊ.വി.വ ഉത്തരവ് പ്രകാരം സർക്കാർ ഉത്തരവായിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ